ഓഗസ്റ്റ് 2016 ₹ 40

# വനിത വീട്



മലയാളി കയ്യൊപ്പുമായി
**ഡൈനോസർ മ്യൂസിയം**

## വീട് നിർമാണം: സംശയങ്ങൾ തീർക്കാം

## കേരളത്തിലെ മികച്ച 18 നിർമിതികൾ

വനിത വീട് ആർക്കിടെക്ചർ അവാർഡ്സ് 2016

ഓരോന്നിനും അതിന്റേതായ ഇടം നല്കുക എന്ന ലളിത തത്വം പിന്തുടർന്നാണ് ഈ ഇന്റീരിയർ ഒന്നാമതെത്തിയത്.

# ഉള്ളടക്കത്തിൽ ഒന്നാമൻ






ചില ഫോട്ടോകൾ അങ്ങനെയാണ്. ഉള്ളതിന്റെ ഇരട്ടി ഭംഗി എടുത്തു കാണിക്കും. ഇവിടെക്കൊടുത്തിട്ടുള്ള ചിത്രങ്ങൾ കണ്ടാൽ ഒരുപക്ഷേ, വായനക്കാർക്കും സംശയം തോന്നിയേക്കാം. ഇതുപോലൊരു ഇന്റീരിയർ സാധ്യമാണോ എന്ന ശങ്ക മുളയിലേ നുള്ളിയേക്കണം. കാരണം, ചിത്രത്തിൽ

## Ar. Jayadev

എറണാകുളത്തുള്ള സ്പേസ് സ്റ്റേഷൻ എന്ന ആർക്കിടെക്ചർ സ്ഥാപനത്തിന്റെ സാരഥിയാണ് ഒറ്റപ്പാലം സ്വദേശിയായ ജയദേവ്. മികച്ച വീട് ഡിസൈൻ ചെയ്തതിനുള്ള ഐഐഎ യുടെ ദേശീയ, സംസ്ഥാന പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്. ഐഐഐഡിയുടെ ഡിസൈൻ എക്സലൻസ് അവാർഡ് ദക്ഷിണേന്ത്യ വിഭാഗം റണ്ണർ അപ് ആയിരുന്നു. ആധുനിക ശൈലിയിലുള്ള വീടുകൾ രൂപകല്പന ചെയ്യുന്നതിൽ ശ്രദ്ധ നല്കുന്നു. കുറ്റിപ്പുറം എം.ഇ.എസ് എൻജിനീയറിങ് കോളജിൽനിന്ന് ആർക്കിടെക്ചറിൽ ബിരുദം നേടി.







കാണുന്നതിനും മേലെയാണ് നേരിട്ടു കാണുന്ന അനുഭവം. ഇന്റീരിയർ വിഭാഗത്തിലേക്കു വന്ന നിരവധി എൻട്രികൾ പഠിച്ച ജൂറിക്കും സംശയമുണ്ടായിരുന്നില്ല. ഒറ്റക്കെട്ടായി അവർ വിധിയെഴുതി, 'സ്വപ്നം പോൽ സുന്ദരം'. അങ്ങനെ ഇരിങ്ങാലക്കുട സ്വദേശികളായ റോയ് - സീന ദമ്പതികളുടെ വീട് കേരളത്തിലെ മികച്ച ഇന്റീരിയറുകളുടെ പട്ടികയിൽ ഒന്നാമതായി.

അവാർഡ് വിവരം തികഞ്ഞ സന്തോഷത്തോടെയാണ് വീട്ടുകാർ എതിരേറ്റത്. ഫൊട്ടോഗ്രഫറായി വിദേശത്ത് വർഷങ്ങൾ ചെലവഴിച്ചിട്ടുണ്ട് റോയ്. ഏതൊരു ഫ്രെയിമിലും സൗന്ദര്യം കാംക്ഷിക്കുന്നവരാണല്ലോ അവർ. വീട് വച്ചപ്പോഴും അദ്ദേഹം മാറിച്ചിന്തിച്ചില്ല. അകമേയും പുറ

**നിറങ്ങൾക്ക് അമിതപ്രാധാന്യം നല്കിയിട്ടില്ല. പച്ചനിറം ഹാജരാകുന്നത് ചെടികളിലൂടെ മാത്രം.**

## JURY'S COMMENT

തികച്ചും ആധുനികമായ ഇന്റീരിയർ. ലൈറ്റിങ്ങിനെ വ്യത്യസ്തമായ രീതിയിൽ പ്രയോജനപ്പെടുത്തിയിരിക്കുന്നു. പച്ചപ്പിനെ ഇന്റീരിയറിലേക്ക് മനോഹരമായി ഇണക്കിച്ചേർത്തിരിക്കുന്നു.





ഗ്രേ–ബ്രൗൺ ഫിനിഷ് ഉള്ള ടൈലുകൾക്ക് ചേരും വിധമാണ് ഫർണിഷിങ് തിരഞ്ഞെടുത്തത്.

മേയും വീട് സുന്ദരമാകണമെന്ന ആഗ്രഹം റോയിയെ കൊണ്ടു ചെന്നെത്തിച്ചത് ആർക്കിടെക്ട് ജയദേവിലാണ്. വനിത വീട് ആർക്കിടെക്ചർ അവാർഡ്സിൽ ഏറ്റവും മികച്ച ഇന്റീരിയറിനുള്ള പുരസ്കാരം നേടിയ വീടിന്റെ കഥ തുടങ്ങുന്നത് അവിടെയാണ്.

ആധുനിക ശൈലിയിലൊരു ഇന്റീരിയറെന്നതായിരുന്നു റോയിയുടെ പ്രധാന ആവശ്യം. ബെഡ്റൂം ഒഴികെ മറ്റെല്ലാം ഓപൻ ഡിസൈനിലാകണമെന്നത് രണ്ടാമത്. ‘ഇതുപോലൊന്ന് മറ്റേവീട്ടിലും കണ്ടായിരുന്നു’ എന്ന് കാണുന്നവർ പറയരുതെന്ന് മൂന്നാമത്തെ കണ്ടീഷൻ. ബാക്കിയെല്ലാം ആർക്കിടെക്ടിന്റെ ഇഷ്ടത്തിന് വിട്ടുകൊടുക്കുകയായിരുന്നു.



## ലൈറ്റിങ്

ഇന്റീരിയറിന്റെ യഥാർഥ ഭംഗി അറിയണമെങ്കിൽ രാത്രിയാവണം. ലൈറ്റിങ്ങിനെ എങ്ങനെയൊക്കെ ഉപയോഗിക്കാമെന്നതിന്റെ നല്ലൊരു പാഠപുസ്തകം കൂടിയാണീ ഇന്റീരിയർ. ഒരു ട്യൂബ്ലൈറ്റിട്ട് മുറി മുഴുവൻ വെളിച്ചം നിറയ്ക്കുന്നതല്ല ഇവിടത്തെ രീതി. വേണ്ടയിടങ്ങളിൽ മാത്രമാണ് വെളിച്ച വിതരണം. സ്പേസ് തിരിക്കാനും വെളിച്ചത്തിനെ ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

ഓരോ സ്പേസും ഉപയോഗിക്കുന്നത് എപ്രകാരമാണോ, ആ മൂഡനുസരിച്ചാണ് ലൈറ്റിങ്ങും. ഡൈനിങ്ങിൽനിന്ന് തീർത്തും വിഭിന്നമാണ് ലിവിങ്ങിലെ വെളിച്ച സംവിധാനം. മറ്റിടങ്ങളിലും ഇതേ രീതി പിന്തുടരുന്നു. ഓരോ ഇടത്തിന്റെയും ‘ഡെപ്ത്’ അനുഭവിപ്പിക്കുന്നതിലും ലൈറ്റിങ്ങിന് പ്രധാന പങ്കുണ്ട്. വിദേശത്തുനിന്നു വാങ്ങിയതുൾപ്പെടെ ലൈറ്റുകളുടെ മനോഹരമായൊരു ഷോറൂം കൂടിയാണ് ഈ വീടെന്നു പറയാം. കോർട്ട്യാർഡിനു മുകളിലായി കാണുന്ന ഡാൻഡിലിയൺ ലൈറ്റിന്റെ പ്രകാശം ഉൾത്തളം മുഴുവൻ കയ്യൊപ്പു ചാർത്തുന്നുണ്ട്.

ചെറിയ കാറ്റിൽ ലൈറ്റ് ഇളകുമ്പോൾ ഭിത്തിയിലെ നിഴൽച്ചിത്രങ്ങളും മാറും. ഊണിടത്തിലു








മാസ്റ്റർ ബെഡ്റൂം (മുകളിൽ). ബ്രേക്ഫാസ്റ്റ് കൗണ്ടർ (ഇടതു മുകളിൽ). ബാത്റൂം (വലതു മുകളിൽ).

സമില്ലാതെ ഇവിടെ താരമാകുന്നത് വെർട്ടിക്കൽ ഗാർഡൻ ആണ്. ഇന്റീരിയറിൽ പച്ചനിറം ഹാജർ വയ്ക്കുന്നത് ഇവിടെ മാത്രമാണ്. ഒരു ഭിത്തി മുഴുവൻ പല തരത്തിലുള്ള ചെടികൾ വളർത്തുകയാണ് ചെയ്തിരിക്കുന്നത്.

വീട്ടമ്മയായ സീനയുടെ ഗാർഡനിങ് ഭ്രമമാണ് ഈ വെർട്ടിക്കൽ ഗാർഡൻ സാക്ഷാത്കരിക്കാൻ കാരണമായത്. ഡ്രിപ് ഇറിഗേഷൻ വഴിയാണ് ചെടികൾക്ക് വെള്ളമൊഴിക്കുന്നത്. ഇതിനു താഴെ നല്കിയ പൂൾ, ഇന്റീരിയറിനോട് 100 ശതമാനവും നീതി പുലർത്തുന്നു.

നാല് ബെഡ്റൂമുകളാണ് വീട്ടിലുള്ളത്. വീട്ടിലെ മറ്റിടങ്ങളിലെല്ലാം അലങ്കാരത്തിൽ മിതത്വം പാലിച്ചിട്ടുണ്ട്. മുകൾനിലയിൽ ഒരു സ്റ്റുഡിയോ പണിയാൻ പ്ലാനുള്ളതിനാൽ പുറത്തുനിന്ന് ഒരു സ്റ്റെയർകെയ്സ് നല്കി. ലൈറ്റിങ് തിരഞ്ഞെടുത്തതിലെ ശ്രദ്ധ ഫർണിച്ചറിന്റെ കാര്യത്തിലും കാണാം. സ്വാഭാവിക വെളിച്ചത്തിന് നല്കിയ സ്കൈലിറ്റ് ഓപനിങ്ങും വീടിന് മാർക്ക് നേടിക്കൊടുത്തു. ■